നെല്ലിനങ്ങൾ ജൈവകൃഷിയിലൂടെ ഉല്പാദിപ്പിക്കുന്നതിന് 5.50 ലക്ഷം രൂപയും നെല്ലിന്റെ പൊക്കാളി കൃഷി പൂർണ്ണമായും ജൈവകൃഷി രീതിയിൽ നടപ്പിലാക്കുന്നതിനായി 24 ലക്ഷം രൂപയും നീക്കിവച്ചിരിക്കുന്നു.

(സി) മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾക്കുപുറമെ 100 ഹെക്ടർ സ്ഥലത്ത് വാനില, 150 ഹെക്ടറിൽ ഇഞ്ചി, 282.50 ഹെക്ടറിൽ മഞ്ഞൾ, 200 ഹെക്ടർ സ്ഥലത്ത് ശീതകാല പച്ചക്കറി കൃഷി എന്നിവ നടത്തുവാൻ ഉദ്ദേശിക്കുന്നു.

(ഡി) ജൈവ കൃഷിയുടെ പ്രോത്സാഹനത്തിനായി ഒരു പദ്ധതി തയ്യാറാക്കി. ഇതിനായി 100 ലക്ഷം രൂപ വകയിരുത്തി. ജൈവകൃഷി, ജൈവകൃഷിയെക്കുറിച്ചുള്ള പരിശീലനം, അവയുടെ വ്യാപനം, പ്രോത്സാഹനം എന്നിവയാണ് ഇതിൽ ആസൂത്രണം ചെയ്തിരിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി എല്ലാ ജില്ലകളിലും "ഇക്കോഷോപ്പുകൾ" തുടങ്ങുന്നതിനും ലക്ഷ്യമിടുന്നു. ഈ പദ്ധതി പ്രകാരമുള്ള പരിശീലന പദ്ധതിയിൽ ജൈവകൃഷി രീതികൾ, മാർഗ്ഗങ്ങൾ, നേട്ടങ്ങൾ, ജൈവവളനിർമ്മാണം, ബയോ ഡൈനാമിക് ഉല്പന്നങ്ങളുടെ നിർമ്മാണം, ജൈവ കീടനാശിനി നിർമ്മാണം, ജൈവകീട നിയന്ത്രണ മാർഗ്ഗങ്ങൾ, ജൈവ ഉല്പന്നങ്ങളുടെ സർട്ടിഫിക്കേഷൻ രീതികൾ, സർട്ടിഫിക്കേഷൻ റഗുലേഷനുകൾ എന്നിവ ഉൾപ്പെടുത്തിയിരിക്കുന്നു.

(ഇ) ജൈവകാർഷികോത്പന്ന കയറ്റുമതി മുന്നിൽ കണ്ടുകൊണ്ട് ജൈവ കൃഷി പ്രോത്സാഹനത്തിനായി കൃഷി വകുപ്പ് ഒരു "ഓർഗാനിക് ഫാമിംഗ് സെൽ" രൂപീകരിച്ച് വയനാട് ജില്ലയിൽ പ്രവർത്തനം ആരംഭിച്ചു. കൃഷി വിദഗ്ദ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് ചർച്ചകൾ നടത്തുകയും, നെല്ലിയാമ്പതിയിൽ വച്ച് ഒരു ദ്വിദിന വർക്ക്ഷോപ്പ് നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ "ജൈവ കേരളം പോളിസി" തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

ഡോ. എം. എസ്. സ്വാമിനാഥൻ റിപ്പോർട്ട്

69 [2038] ശ്രീമതി. പി. കെ. ശ്രീമതി ടീച്ചർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും, കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകവ്യാപാര ഉടമ്പടി കേരളത്തിന്റെ കാർഷിക മേഖലയെ ഏതെല്ലാം തരത്തിൽ സ്വാധീനിക്കുന്നു എന്നത് സംബന്ധിച്ച് ലോകപ്രശസ്ത കൃഷിശാസ്ത്രജ്ഞൻ ഡോ. എം. എസ്. സ്വാമിനാഥൻ സംസ്ഥാന ഗവൺമെന്റിന് അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഇതിന്മേൽ ഗവൺമെന്റ് കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഡോ. എം. എസ്. സ്വാമിനാഥൻ കമ്മീഷൻ അതിന്റെ അന്തിമ റിപ്പോർട്ട് 2003 ജനുവരി മാസം നൽകുകയുണ്ടായി.

(ബി) പകർപ്പ് ഇതോടൊപ്പം മേശപ്പുറത്ത് വയ്ക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്വാമിനാഥൻ കമ്മീഷൻ നൽകിയ ശുപാർശകൾ രണ്ടുതരത്തിലുള്ളതാണ്. കേന്ദ്ര സർക്കാർ തലത്തിൽ നടപടി സ്വീകരിക്കേണ്ടവയും, സംസ്ഥാന സർക്കാർ തലത്തിൽ നടപടി സ്വീകരിക്കേണ്ടവയും. കേന്ദ്ര സർക്കാർ തലത്തിൽ നടപടി സ്വീകരിക്കേണ്ട ശുപാർശകൾ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും, അവയിൽ തുടർനടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനതലത്തിൽ നടപടി സ്വീകരിക്കേണ്ട പല പ്രധാനപ്പെട്ട ശുപാർശകളിന്മേലും ഇതിനകംതന്നെ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുകഴിഞ്ഞു:

1. സംസ്ഥാനതലത്തിൽ കാർഷികവ്യാപാര കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുന്നതിനായി മുഖ്യമന്ത്രി അദ്ധ്യക്ഷനായും കൃഷിവകുപ്പുമന്ത്രി ഉപാധ്യക്ഷനായും ഒരു ഉന്നതതല സമിതി രൂപീകരിക്കുകയുണ്ടായി.

2. മേൽപ്പറഞ്ഞ സമിതിയെ സഹായിക്കാനായി സാമ്പത്തിക-ലോകവ്യാപാര കാര്യങ്ങളിൽ വിദഗ്ധയായ ഒരു ഐ.ഇ.എസ്. ഉദ്യോഗസ്ഥയുടെ മേൽനോട്ടത്തിൽ ഒരു ഡബ്ലിയു.റ്റി.ഒ. സെൽ രൂപീകരിച്ചു.

3. കാർഷികവ്യാപാര വിപണന രംഗം സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിന് ഒരു വെർച്വൽ യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ തീരുമാനിച്ചു. ഇതിനായി അഞ്ചുവർഷകാലയളവിലേക്ക് ഭരണാനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിട്ടു. ഇതിന്റെ പ്രാരംഭനടപടികൾ ആരംഭിച്ചുകഴിഞ്ഞു.

4. ഔഷധ സസ്യങ്ങളുടെ സംരക്ഷണത്തിനും വികസനത്തിനും ഒരു ഔഷധ ജൈവ താഴ്വര (ഹെർബൽ ബയോ വാലി) രൂപീകരിക്കുന്നതിന് തുടക്കം കുറിച്ചു. ഇതിനുള്ള പദ്ധതി കയറ്റുമതി മേഖലാ പദ്ധതിയുമായി ബന്ധപ്പെടുത്തി തയ്യാറാക്കിയിട്ടുണ്ട്.

5. ജിയോഗ്രാഫിക്കൽ ഇൻഡിക്കേഷൻ സംരക്ഷണം സംബന്ധിച്ച് ആലപ്പി ഗ്രീൻ കാർഡമം, മലബാർ പെപ്പർ തുടങ്ങിയ സുഗന്ധവ്യഞ്ജനങ്ങൾക്ക് സംരക്ഷണം ലഭ്യമാക്കാൻ സ്പൈസസ് ബോർഡുമായി ചേർന്ന് നടപടി എടുത്തുവരുന്നു.

6. ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി തുടങ്ങി. ഇതിനായി ഒരു ഉന്നതതല സമിതി രൂപീകരിച്ച് പ്രവർത്തനരേഖ തയ്യാറാക്കി. ആദ്യപടിയായി വയനാട്, ഇടുക്കി, കണ്ണൂർ ജില്ലകളിൽ 800 ഹെക്ടർ സ്ഥലത്ത് ജൈവ കുരുമുളക് കൃഷിക്ക് സഹായം നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

7. ഡോ. വി. എൻ. ചോപ്ര കമ്മിറ്റി, ശ്രീ. കെ. പി. പി. നമ്പ്യാരുടെ അദ്ധ്യക്ഷതയിലുള്ള ഉപസമിതി എന്നിവയുടെ നിർദ്ദേശപ്രകാരം ഒരു കിസാൻ പ്രോജക്ട് തയ്യാറാക്കി ടെലിവിഷനിലൂടെ കൃഷി വിജ്ഞാന വ്യാപനത്തിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

8. പച്ചക്കറികളുടെയും, പഴവർഗ്ഗങ്ങളുടെയും കയറ്റുമതി സാധ്യത പരമാവധി പ്രയോജനപ്പെടുത്തുവാൻ സംസ്ഥാനത്തെ 9 ജില്ലകളെ ഉൾപ്പെടുത്തി രൂപീകരിച്ച കാർഷിക കയറ്റുമതി മേഖലകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

9. കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ പബ്ലിക് റിലേഷൻസ് വകുപ്പ് ഒരു മാധ്യമസെൽ രൂപീകരിച്ചു.

10. സംസ്ഥാന പ്ലാനിംഗ് ബോർഡ് കാർഷിക അനുബന്ധ മേഖലകളിലെ നാടൻ സാങ്കേതിക വിവരങ്ങൾ ക്രോഡീകരിച്ച് രേഖപ്പെടുത്തി വയ്ക്കാൻ ഒരു പദ്ധതി തയ്യാറാക്കി വരുന്നു.

11. എൻ. ഡി. ഡി. ബി.-യുടെ സഹായത്തോടെ സംസ്ഥാനത്ത് ഒരു ജന്തുരോഗ നിയന്ത്രണ മേഖല ആക്കുവാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

12. സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ, ഒരു പേറ്റന്റ് ഇൻഫർമേഷൻ സെന്റർ സ്ഥാപിച്ചു.

13. മത്സ്യബന്ധനം സംബന്ധിച്ച് ശുപാർശകളും, നിർദ്ദേശങ്ങളും ഉൾപ്പെടുത്തി ഒരു കരടുനയം രൂപപ്പെടുത്തി.

14. വിനോദ സഞ്ചാരമേഖലയിൽ ഇക്കോ ടൂറിസം, ഹെൽത്ത് ടൂറിസം സ്പിരിച്വൽ ടൂറിസം എന്നിവയുടെ വികസനത്തിനായി നടപടി സ്വീകരിച്ചുവരുന്നു.

15. കേരളത്തിലെ കൂടുതൽ വിളകളെ കേന്ദ്ര കൃഷി ഇൻഷ്വറൻസിൽ ഉൾപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാരിനോട് അപേക്ഷിച്ചിരിക്കുകയാണ്.

ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ നടപടികൾ

70 [2039] ശ്രീ. വർക്കല കഹാർ:
,, ജോർജ് ജെ. മാത്യു:
,, തമ്പാനൂർ രവി:
,, പി. ടി. തോമസ്:
,, കെ. മുഹമ്മദാലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും, കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവകൃഷി പ്രോത്സാഹിപ്പിക്കുവാൻ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ട്;

(ബി) ഇപ്പോൾ എത്ര ഹെക്ടർ സ്ഥലത്ത് ജൈവകൃഷി നടത്തിവരുന്നു;

(സി) ജൈവകൃഷി പ്രോത്സാഹിപ്പിക്കുവാൻ ഈ വർഷത്തെ ബഡ്ജറ്റിൽ എന്തുതുക വകയിരുത്തിയിട്ടുണ്ട്;

(ഡി) ഈ കൃഷിയുടെ പുരോഗതി വിലയിരുത്തുവാൻ സംസ്ഥാനസമിതി രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സമിതി രൂപീകരിക്കുന്നകാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ജൈവകൃഷിയിലൂടെ കുരുമുളക്, ശീതകാല പച്ചക്കറികൾ, ജീരകശാല, ഗന്ധകശാല എന്നീ നെല്ലിനങ്ങൾ എന്നിവ ഉൽപ്പാദിപ്പിക്കുക, പൊക്കാളികൃഷി ജൈവകൃഷിയായി പ്രോത്സാഹിപ്പിക്കുക എന്നീ പദ്ധതികൾ

LIBRARY ARCHIVES Kerala Legislative Assembly